Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**22nd January 2021**

## തദ്ദേശ ഭരണ പ്രത്യേക തിരഞ്ഞെടുപ്പ് ഫലം

പൊതു തിരഞ്ഞെടുപ്പിനിടയിൽ സ്ഥാനാർത്ഥികൾ മരണപ്പെട്ടതിനെ തുടർന്ന് തിരഞ്ഞെടുപ്പ് മാറ്റിവെച്ച സംസ്ഥാനത്തെ ഏഴ് തദ്ദേശ വാർഡുകളിൽ നടന്ന തിരഞ്ഞെടുപ്പിൽ നാല് വാർഡുകളിൽ യു.ഡി.എഫും രണ്ടു വാർഡുകളിൽ എൽ.ഡി.എഫും ഒരു വാർഡിൽ സ്വതന്ത്ര സ്ഥാനാർത്ഥിയും വിജയിച്ചു.

കൊല്ലം പന്മന ഗ്രാമപഞ്ചായത്തിലെ പറമ്പിമുക്ക്, ചോല വാർഡുകളിലെ യു.ഡി.എഫ് സ്ഥാനാർഥികളായ എ.എം. നൗഫൽ 1014 വോട്ടുകൾക്കും അനിൽകുമാർ 745 വോട്ടുകൾക്കും വിജയിച്ചു. ആലപ്പുഴ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി വാർഡിൽ എൽ.ഡി.എഫിന്റെ രോഹിത്.എം.പിള്ള 664 വോട്ടുകൾക്കും എറണാകുളം കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ മുനിസിപ്പൽ വാർഡിലെ സ്വതന്ത്ര സ്ഥാനാർഥി റഫീഖ് മരക്കാർ 308 വോട്ടുകൾക്കും തൃശ്ശൂർ കോർപ്പറേഷനിലെ യു.ഡി.എഫിന്റെ കെ.രാമനാഥൻ 2042 വോട്ടുകൾക്കും കോഴിക്കോട് മാവൂർ ഗ്രാമപഞ്ചായത്ത് താത്തൂർപൊയ്യിൽ യു.ഡി.എഫിന്റെ വാസന്തി വിജയൻ 532 വോട്ടുകൾക്കും കണ്ണൂർ ജില്ലാ പഞ്ചായത്തിലെ തില്ലങ്കേരി വാർഡിൽ എൽ.ഡി.എഫ് സ്ഥാനാർഥി അഡ്വ .ബിനോയ് കുര്യൻ 18687 വോട്ടുകൾക്കും വിജയിച്ചു.

*(എസ്.ഇ.സി.4/2021)*

## 'ജനഹിതത്തിൽ' സ്മൃതി മരം നട്ടു

കവയിത്രി സുഗതകുമാരിയുടെ 87-ാം ജന്മദിനത്തോടനുബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാന മന്ദിരമായ ജനഹിതത്തിന്റെ അങ്കണത്തിൽ കമ്മീഷണർ വി.ഭാസ്കരൻ കണിക്കൊന്നതൈ നട്ടു.

ചടങ്ങിൽ മാധ്യമ പ്രവർത്തക ശ്രീദേവി പിള്ള, കെ.സി.എച്ച്, ആർ.പബ്ലിക്കേഷൻ ഓഫീസർ എസ്.എൻ.സന്ധ്യ, തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി എ.സന്തോഷ്, കമ്മീഷണറുടെ പി.എസ്. ഫ്രാൻസിസ് ഡിക്രൂസ് കമ്മീഷനിലെ മറ്റു ജീവനക്കാരും പങ്കെടുത്തു.

*(എസ്.ഇ.സി.3/2021)*

## തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും വൈസ് പ്രസിഡന്റും തൽസ്ഥാനങ്ങൾ സ്വമേധയാ ഒഴിഞ്ഞതായി തിരഞ്ഞെടുപ്പ് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചു.

ആലപ്പുഴ ജില്ലയിലെ ജി.44 തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റായും വൈസ് പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി.ബിന്ദു കുരുവിളയും ശ്രീമതി.ബീന ബിജുവും യാതൊരു കാരണവുമില്ലാതെ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റെടുക്കാത്തതിനാൽ പ്രസ്തുത സ്ഥാനങ്ങൾ സ്വമേധയാ ഒഴിഞ്ഞതായി, കേരള പഞ്ചായത്ത് രാജ് ആക്ട് 153(13എ)-ാം വകുപ്പു പ്രകാരം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

*(എസ്.ഇ.സി.2/2021)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

21st January 2021

## തദ്ദേശ സ്വയംഭരണ വാർഡുകളിലെ പ്രത്യേക തിരഞ്ഞെടുപ്പ് 78.24 % ശതമാനം പോളിംഗ്

സ്ഥാനാർത്ഥികളുടെ മരണത്തെ തുടർന്ന് തിരഞ്ഞെടുപ്പ് മാറ്റി വച്ച സംസ്ഥാനത്തെ ഏഴ് തദ്ദേശ സ്വയംഭരണ വാർഡുകളിൽ നടന്ന പ്രത്യേക തിരഞ്ഞെടുപ്പിൽ 78.24 ശതമാനം പോളിംഗ് രേഖപ്പെടുത്തിയതായ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

കൊല്ലം പന്മന ഗ്രാമപഞ്ചായത്തിലെ പറമ്പിമുക്ക് (85.38), ചോല (79.18), ആലപ്പുഴ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി വാർഡ് (76.3), എറണാകുളം കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ മുൻസിപ്പൽ വാർഡ് (74.51), തൃശൂർ കോർപ്പറേഷനിലെ പുല്ലഴി വാർഡ് (81.82), കോഴിക്കോട് മാവൂർ ഗ്രാമപഞ്ചായത്തിലെ താത്തൂർപൊയ്യിൽ (86.1 ), കണ്ണൂർ ജില്ലാ പഞ്ചായത്തിലെ തില്ലങ്കേരി (64.45) എന്നിങ്ങനെയാണ് പോളിംഗ് ശതമാനം.

വോട്ടെണ്ണൽ ഇന്ന് (ജനുവരി 22) രാവിലെ എട്ടിന് ആരംഭിക്കും.

*(എസ്.ഇ.സി.1/2021)*